## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6549 01.11.2011 ൽ മറുപടിക്ക്.**

### സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ അഭാവം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ലൂഡി ലൂയിസ് | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| എ) എറണാകുളം ജില്ലയിലെ പ്രധാനപ്പെട്ട ഗവൺമെന്റ് ഹോസ്പിറ്റലുകളിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ അഭാവം രോഗികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജൂനിയർ കൺസൾട്ടന്റ് (ചില സ്പെഷ്യാലിറ്റികളിൽ) തസ്തികയിലേയ്ക്ക് പി.എസ്.സി വഴി നിയമനം നടത്തുന്നതിനും ആരോഗ്യ വകുപ്പിലെ പി.ജി ബിരുദമുള്ള ഡോക്ടർമാരിൽ നിന്നും ഓപ്ഷൻ സ്വീകരിച്ച് നിയമനം നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കൺസൾട്ടന്റ്, സീനിയർ കൺസൾട്ടന്റ് എന്നീ തസ്തികകളിലേയ്ക്ക് പ്രൊമോഷൻ മുഖേന നിയമനം നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. അടിയന്തിര ഘട്ടങ്ങളിൽ താൽക്കാലികമായി ഡോക്ടർമാരെ നിയമിക്കുന്നതിനും വിരമിച്ച സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ സേവനം ഉപയോഗപ്പെടുത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ എൻ.ആർ.എച്ച്.എം വഴി താൽക്കാലികാടിസ്ഥാനത്തിലും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നുണ്ട്. |
| ബി) എറണാകുളം ജില്ലാ ഹോസ്പിറ്റലിലെ കാൻസർ വാർഡിലെയും മറ്റും ആധുനിക ഉപകരണങ്ങൾ പ്രവർത്തിപ്പിക്കാൻ സാങ്കേതിക പരിജ്ഞാനമുള്ള ജീവനക്കാരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ? | ബി) ജനറൽ ആശുപത്രിയിൽ റേഡിയോതെറാപ്പി മെഷീൻ പ്രവർത്തിപ്പിക്കുവാൻ റേഡിയേഷൻ ഫിസിസ്റ്റിന്റെ ഒരു പോസ്റ്റ് ഉള്ളത് ഇപ്പോൾ ഒഴിഞ്ഞുകിടക്കുകയാണ്. അവിടെ താൽക്കാലിക അടിസ്ഥാനത്തിൽ ഒരാളെ നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ